(ഡി) ജിം വഴിയുള്ള എത്ര പദ്ധതികൾകൂടി നടപ്പു സാമ്പത്തിക വർഷം 2005-06 ൽ പ്രതീക്ഷിക്കുന്നു എന്ന് അറിയിക്കാമോ?

ഉത്തരം

(എ) 96 പദ്ധതികൾക്കാണ് ധാരണാപത്രം ഒപ്പുവച്ചത്. വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.†

(ബി) ഒപ്പുവച്ച ധാരണാപത്രങ്ങളിൽ 19 പദ്ധതികൾക്ക് പുരോഗതിയില്ലാത്തതിനാൽ റദ്ദായതായി കണക്കാക്കാവുന്നതാണ്. അവയുടെ പട്ടിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു. പുരോഗതിയില്ലാതെപോയ കാരണങ്ങൾ. †

1. ധാരണാപത്രത്തിനുശേഷമുള്ള തുടർ പഠനങ്ങളിൽ പദ്ധതി ലാഭകരമായി നടത്താനാവില്ല എന്ന് തെളിഞ്ഞതിനാൽ.
2. സംരംഭകന്റെ ഭാഗത്തുനിന്നും ക്രിയാത്മക നീക്കങ്ങൾ ഉണ്ടാകാത്തതുകൊണ്ട്.
3. പരിസ്ഥിതി പ്രശ്നങ്ങളുടെ പേരിൽ ചില പദ്ധതികൾക്കെതിരെ ഉണ്ടായ എതിർപ്പ്.

എല്ലാ ധാരണാപത്രങ്ങളുടെയും കാലാവധി 19-7-2003 മുതൽ ആറ് മാസത്തേക്ക് കൂടി പുതുക്കുകയുണ്ടായി.

(സി) സർക്കാരിന്റെ വിവിധ വകുപ്പുകളായ വ്യവസായം, ടൂറിസം, തദ്ദേശ സ്വയംഭരണം, ആരോഗ്യം, വിദ്യാഭ്യാസം, തുറമുഖം, ഗതാഗതം തുടങ്ങിയ വകുപ്പുകൾ അനേകം പദ്ധതികൾ അവതരിപ്പിക്കുകയുണ്ടായി. അവ ആകെ എത്ര കോടി രൂപയുടേതായിരുന്നു എന്ന് കണക്കാക്കിയിരുന്നില്ല. പങ്കെടുത്ത വ്യവസായികളുമായി ചർച്ച ചെയ്ത് ധാരണയിലെത്തിയ പദ്ധതികളിന്മേൽ ഒപ്പ് വയ്ക്കുകയാണ് തദവസരത്തിൽ ഉണ്ടായത്. ആകെ 11,159.45 കോടി രൂപ മുതൽ മുടക്ക് വരുന്ന 96 പദ്ധതികൾ നടപ്പിലാക്കാനാണ് ധാരണാപത്രം ഒപ്പ് വച്ചത്. നടപ്പായത് 217 കോടി രൂപ മുതൽമുടക്ക് വരുന്ന 14 പദ്ധതികളാണ്.

(ഡി) ജിം മുഖേന വന്ന പദ്ധതികൾ പുരോഗതിയുടെ വിവിധ ഘട്ടങ്ങളിലാണ്. 2005-06-ൽ നടപ്പാക്കപ്പെടുന്ന പദ്ധതികളുടെ കണക്ക് ഇപ്പോൾ പറയാൻ കഴിയില്ല.

വ്യവസായ വളർച്ച ത്വരിതപ്പെടുത്തുവാൻ നടപടി

57 [3437] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, ചെറുകിട വ്യവസായങ്ങളുടെ മൂലധന പരിധി നിശ്ചയിച്ചിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ വ്യവസായവൽക്കരണത്തിൽ എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്;

(സി) വ്യവസായവൽക്കരണത്തിന് സ്വകാര്യമൂലധനം ആകർഷിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന എത്ര വ്യവസായങ്ങൾ ലാഭകരമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. കേന്ദ്ര സർക്കാരാണ് ചെറുകിട വ്യവസായങ്ങളുടെ മൂലധന പരിധി നിശ്ചയിക്കുന്നത്.

(ബി) & (സി) സംസ്ഥാനത്തെ വ്യവസായവൽക്കരണത്തിനായി കെ. എസ്. ഐ. ഡി. സി. ചെയ്യുന്ന കാര്യങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.†

2. കിൻഫ്ര വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ വേണ്ടി അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, വാർത്താവിനിമയ സൗകര്യങ്ങൾ മറ്റ് പൊതുസൗകര്യങ്ങൾ എന്നിവ അവരുടെ പാർക്കുകളിൽ ഒരുക്കിയിരിക്കുന്നു. ഈ പാർക്കുകളിൽ ആരംഭിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് കാലതാമസമില്ലാതെ ആവശ്യമായ ക്ളിയറൻസ് ലഭ്യമാക്കുന്നതിനുവേണ്ടി ഏകജാലക ക്ളിയറൻസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു പുറമേ കിൻഫ്രയുടെ പാർക്കുകളിൽ ഭൂമി ഏറ്റെടുത്ത എല്ലാ വ്യവസായ സംരംഭകർക്കും സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് ഇളവുകളും നൽകിവരുന്നു.

3. വ്യവസായവാണിജ്യ ഡയറക്ടർ ചെറുകിട മേഖലയിൽ ചെയ്യുന്ന കാര്യങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.†

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളായ ടെൽക്ക് അങ്കമാലി, ടി. സി. സി. ലിമിറ്റഡ് കൊച്ചി, ഹൈടെക് ലിമിറ്റഡ് തിരുവനന്തപുരം, എസ്. ഐ. എഫ്. ലിമിറ്റഡ് തൃശ്ശൂർ, ഫോംമാറ്റിംങ്സ് ലിമിറ്റഡ് ആലപ്പുഴ എന്നിവ ലാഭകരമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ പരിധിയിൽ വരുന്ന നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന 18 സ്ഥാപനങ്ങൾ ലാഭകരമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly